# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം V.N. ജിതേന്ദ്രൻ )

തിരുവനന്തപുരം,
തീയതി:25-09-2014.

ഉത്തരവ് നം. E11/29533/14

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനകാര്യം - ശ്രീ. പി. എം. പങ്കജാക്ഷൻ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I - വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം :- സാമൂഹ്യ നീതി ഡയറക്ടറുടെ 23-09-2014 - ലെ E11/29533/14 (2) നമ്പർ നടപടി ക്രമങ്ങൾ.

പരാമർശിത ഉത്തരവ് പ്രകാരം ശ്രീ. പി. എം. പങ്കജാക്ഷൻ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ന് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ചിൽഡ്രൻസ് ഹോം (ബോയ്സ്) കോട്ടയത്ത് നിയമിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കോട്ടയം ചിൽഡ്രൻസ് ഹോം (ബോയ്സ്) സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ശ്രീമതി. മെർലി ജോസ്, ശിശു വികസന പദ്ധതി ഓഫീസർ പ്രസ്തുത സ്ഥാപനത്തിൽ ഉന്നമനത്തിനായി തുടങ്ങി വച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ശ്രീമതി. മെർലി ജോസിനെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിയ്ക്കുവാനിടയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ. പി. എം. പങ്കജാക്ഷൻ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I ചിൽഡ്രൻസ് ഹോം, കോട്ടയം നെ നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കാസർഗോഡ് ഒബ്സർവേഷൻ ഹോമിൽ സൂപ്രണ്ട് തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.കുട്ടികളുടെ ഉത്തമ താത്പര്യം മുൻ നിർത്തി കോട്ടയം ചിൽഡ്രൻസ് ഹോമിൽ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതികൾ തടസ്സമില്ലാതെ തുടരുന്നതിന് വേണ്ടി പ്രത്യേക സാഹചര്യത്തിൽ പുറപ്പെടുവിക്കുന്ന ഈ ഉത്തരവ് ഇതര കേസുകളിൽ ഒരു കീഴ്‌വഴക്കമായി പരിഗണിക്കാൻ പാടില്ലാത്തതാകുന്നു.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ശ്രീ. പങ്കജാക്ഷൻ. പി. എം
ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I
ശ്രീമതി. മെർലി ജോസ്,
ശിശു വികസന പദ്ധതി ഓഫീസർ,
( ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ജോലി ക്രമീകരണം)
ചിൽഡ്രൻസ് ഹോം (ബോയ്സ്) കോട്ടയം

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോട്ടയം/കാസർഗോഡ്
4. E 1 മുതൽ E13 സീറ്റ് വരെ
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്